വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച പട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

IV. അടിയന്തിരപ്രമേയം

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗുണനിലവാരം കുറഞ്ഞ പലവ്യഞ്ജനങ്ങൾ വാങ്ങിയത് സംബന്ധിച്ച്

മി. സ്പീക്കർ: ഹൈക്കോടതിവിധി മറികടന്ന് സാമ്പിളുകൾ സ്വീകരിക്കാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗുണനിലവാരം കുറഞ്ഞ പലവ്യഞ്ജനങ്ങൾ വാങ്ങിക്കൂട്ടി വൻ ക്രമക്കേട് നടത്തുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്കെതിരെ കോർട്ട് അലക്ഷ്യത്തിന് വിധി പ്രഖ്യാപിച്ചുകൊണ്ട് തുടർനടപടികൾ ആരംഭിക്കുകയും ചെയ്തിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി. കെ. ദേവകുമാർ, കെ.പി. രാജേന്ദ്രൻ, സി. കെ. നാണു, എ. സി. ഷൺമുഖദാസ്, പി. സി. ജോർജ്ജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. വളരെ സാങ്കേതികമായി പറഞ്ഞാൽ ഇത് കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കാര്യമാണ്. ഒരു Interim petition-ൽ കോർട്ട് അലക്ഷ്യം വന്നുവെന്നു പറഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ ഫുൾ ബഞ്ചിന് മാറ്റി. ഏതായാലും പ്രധാനപ്പെട്ട ഒരു കാര്യമെന്ന നിലയ്ക്ക് ഇത് പരാമർശിക്കരുതെന്ന വിലക്ക് കൽപ്പിക്കാൻ ചെയർ തയ്യാറാകുന്നില്ല. പക്ഷേ, പരിധികൾക്കുള്ളിൽ നിന്നുകൊണ്ട് subjudice ആയിട്ടുള്ള ഒരു മാറ്ററിന്റെ ഗുണദോഷങ്ങളിലേക്ക് എത്താത്തവിധത്തിൽ വളരെ സംയമനം പാലിച്ച് മിതമായി കാര്യങ്ങൾ അവതരിപ്പിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):* സർ, സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പതിനാലിനം പലവ്യഞ്ജനങ്ങൾ വാങ്ങുന്ന കാര്യത്തിൽ ഇപ്പോൾ ഏറെ സുതാര്യതയോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ സുതാര്യതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുവെന്നുള്ളതുകൊണ്ടുതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും ഇന്ന് മാർക്കറ്റിലുള്ളതിനെക്കാൾ വിലകുറച്ച് സാധനങ്ങൾ വാങ്ങാൻ കഴിയും കേരളത്തിലെ സാധാരണ ജനങ്ങൾക്ക് അതിന്റെ പ്രയോജനം കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹൈക്കോടതിയുടെ മുന്നിലുള്ള ചില പരാമർശങ്ങളാണ് ഇന്ന് പത്രത്തിൽ വന്നത്. ഹൈക്കോടതിയിൽനിന്നുണ്ടായ പരാമർശത്തോടൊപ്പം ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഏതാനും ചില കോൺട്രാക്ടർമാർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മറ്റ് തീരുമാനങ്ങളും ജഡ്ജ്മെന്റുകളും നേരത്തെ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ ജഡ്ജുമെന്റുകളുടെ അടിസ്ഥാനത്തിൽ വളരെ കൃത്യതയോടും സൂക്ഷ്മതയോടുകൂടി ഇതിന്റെ പ്രവർത്തനങ്ങൾ നടത്തപ്പെടുവാൻ കഴിയുന്നുണ്ട്. ഇന്നലെ ഹൈക്കോടതി വിധിയുണ്ടായിയെന്നു പറയുന്നതിലെ പ്രസക്തഭാഗം മാത്രം ഞാൻ വായിക്കാം. Having considered the arguments on both sides and after having pursued the records of this case, this Court prima facie finds that the respondents committed contempt and no unconditional apology is tendered. അദ്ദേഹം മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ക്ഷമ പറയാൻ തയ്യാറായില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. Hence the matter may be placed before the Hon'ble Chief Justice for appropriate orders. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഫുൾ ബഞ്ചിന്റെ മുമ്പിൽ നിൽക്കുന്ന ഒരു പ്രശ്നമെന്ന നിലയിലും ഇക്കാര്യത്തിൽ ഇന്ന് യാതൊരുവിധ ആശങ്കയും നിലനിൽക്കുന്നില്ല എന്നുള്ളതുകൊണ്ടും കേരളത്തിലെ സാധാരണ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് എത്തിച്ചുകൊടുക്കാൻ കഴിയുന്നുവെന്നുള്ളതുകൊണ്ടും ഇതിന് അടിയന്തിര പ്രാധാന്യം കൊടുത്തുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഈ അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ട് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇവിടെ ഉന്നയിച്ച ജഡ്ജുമെന്റിന്റെ ആദ്യഭാഗം മന്ത്രി വായിച്ചില്ല. 2-6-2003-ലെ ഒ.പി. നമ്പർ 14889/2003-ലെ ഹൈക്കോടതി ഉത്തരവിനെ കേരള സംസ്ഥാന സർക്കാർ ലംഘിച്ചിരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കോടതി വിധിയുണ്ടായിരിക്കുന്നത്. ഇതാണ് 2003 ജൂൺ 2-ന്റെ വിധിപകർപ്പ്. ആ വിധിപ്പകർപ്പിൽ പറഞ്ഞിരിക്കുന്നത് In this context, it is observed that since the Ladies Committee and the Purchase Committee are not technically and scientifically qualified to analyse the samples of agricultural products, an Expert Body of quality control consisting of not less than Five members headed by the manager (Quality Control) and other officials of the quality control wing be constituted. The selection made by this Expert Quality Control Committee shall be final. ഇതിൽ പരാമർശിച്ചിരിക്കുന്നത് കോടതി ഉത്തരവിലെ വ്യവസ്ഥകൾ സംസ്ഥാന സർക്കാർ ലംഘിച്ചിരിക്കുന്നു എന്നാണ്. അദ്ദേഹം വായിച്ചത് ഞാൻ ആവർത്തിക്കുന്നില്ല. പക്ഷെ ഇതിൽ ഒരു വസ്തുതയുണ്ട്. ബഹുമാനപ്പെട്ട ചെയർ കേരളത്തിലെ ഉന്നതമായ അഭിഭാഷക സ്ഥാനത്ത് പ്രവർത്തിച്ച ഒരാളെന്ന നിലയിൽ ഞാൻ പറയുകയാണ്, ഈ കാര്യങ്ങൾ ഹൈക്കോടതിയുടെ മുമ്പിൽ വന്നാൽ ഇതിലെ ഭാഗങ്ങൾ കേട്ടിട്ട് Having considered the arguments on both sides and after having pursued the records of this case, this Court prima facie finds that the respondents committed.....എന്നുപറഞ്ഞിട്ടാണ് ബാക്കി ഭാഗങ്ങൾ പറഞ്ഞിരിക്കുന്നത്. എന്നുപറഞ്ഞാൽ prima facie -യിൽ contempt of court ഉണ്ടെന്ന് ഹൈക്കോടതി നിഗമനത്തിലെത്താനുള്ള സാഹചര്യമെങ്ങനെയുണ്ടായി? ആ സാഹചര്യം നിയമനിർമ്മാണ സഭയുടെ മുൻപിൽ ആദ്യമായി വരുന്നതല്ലല്ലോ. 20-11-2004-ലെ ടെന്റർ ഫോമിലെ submission of samples എന്ന ഭാഗം മുഴുവൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ധരിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഈ കാര്യം ശ്രദ്ധിക്കുമെന്ന് കരുതുന്നു. 2-11-2004-ലെ ടെന്റർ ഫോമാണ് ഇത്. (ഫോം സഭയിൽ കാണിച്ചു). സമയക്കുറവുകൊണ്ട് ഞാൻ അത് വായിക്കുന്നില്ല. ആറാമത്തെ submission of samples അങ്ങ് പരിശോധിക്കണം. ടെന്റർ ഫോമിൽത്തന്നെ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. അതിനേക്കാൾ ഗൗരവതരമായ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ മന്ത്രിസഭയുടെ ഭാഗമായതുകൊണ്ട് ഞാൻ പറയുന്നു ഇത് 24-1-2005-ലെ ടെന്റർ ഫോമാണ്. ഇതിൽ ആറാമത്തെ submission of samples എന്ന ഭാഗമില്ല. ഇത് അങ്ങ് ശ്രദ്ധിക്കേണ്ടതാണ്. 20-1-2004-ലെ വ്യവസ്ഥയല്ല 20-12-2004-ലെ വ്യവസ്ഥ. 24-1-2005-ൽ submission of samples ടെന്റർ ഫോമിൽ നിന്നും എടുത്തുകളഞ്ഞിരിക്കുന്നു. ഈ മൂന്ന് ടെന്റർ ഫോമുകളും ഞാൻ ഇവിടെ വയ്ക്കുകയാണ്. മുഖ്യമന്ത്രി ഈ മൂന്ന് ടെന്റർ ഫോമുകളും പരിശോധിക്കണം. ഇതെങ്ങനെ സംഭവിച്ചു? ഞാൻ ഇത് അവിശ്വാസപ്രമേയ ചർച്ചയിൽ ഉന്നയിച്ചപ്പോൾ നിങ്ങൾ പറഞ്ഞത് അവിശ്വാസ പ്രമേയ ചർച്ചയിൽ പ്രതിപക്ഷം വാരിക്കോരി അഴിമതിയാരോപണം ഉന്നയിച്ചുവെന്നാണ്. ഹൈക്കോടതി വിധിപോലും കണക്കിലെടുക്കാതെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വകുപ്പുമന്ത്രി നേരിട്ട് നടത്തിയ ഇടപെടലുകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. ഗുണനിലവാരം മനസ്സിലാക്കാതെ മുഴുവൻ സാമ്പിളുകളും അംഗീകരിക്കണമെന്ന് വകുപ്പുമന്ത്രി നിർദ്ദേശിച്ചതായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ-കം-മാനേജിംഗ് ഡയറക്ടർ സെപ്റ്റംബർ 14-ന് പുറപ്പെടുവിച്ച ഒഫിഷ്യൽ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള സംവിധാനം നീക്കം ചെയ്യുന്നതിന് ടെന്റർ ഫോമിലെ terms and conditions-ൽ മാറ്റം വരുത്തി. 2005 ജനുവരി 24-ന് submission of samples ഒഴിവാക്കിയിരിക്കുന്നു. സാമ്പിളുകൾ ശേഖരിക്കാതെ വാങ്ങിയ 14 സാധനങ്ങളുടെ ഗുണനിലവാരം കുറവാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്തേ എന്റെ പേരിൽ മാനനഷ്ടക്കേസ് കൊടുത്തില്ല? ഞാൻ സഭയിൽ വെളിപ്പെടുത്തിയതല്ലേ? ഇല്ലെങ്കിൽ ഈ എം.ഡി.-യുടെ പേരിൽ നടപടി എടുക്കണ്ടേ? കോടതി ഉത്തരവിന് വിരുദ്ധമായി സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ എം. ഡി. ഇത് ചെയ്തുവെങ്കിൽ ഇത് വെളിപ്പെടുത്താനുള്ള ബാദ്ധ്യത നിങ്ങൾക്കില്ലേ? ഞാൻ ഇത് അവതരിപ്പിച്ചപ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രി ഈ സഭയിൽ അത് നിഷേധിച്ചു. എന്നാൽ ശ്രീ. ടി. എം. ജേക്കബിന് 18-ാം തീയതി.....

മി. സ്പീക്കർ: അടിയന്തിരപ്രമേയ ചർച്ചയിൽ ശ്രീ. ടി. എം. ജേക്കബിന് മറുപടി പറഞ്ഞകാര്യമൊന്നും പറയണ്ട.

ശ്രീ. ടി. കെ. ദേവകുമാർ: ആഗസ്റ്റ് 1-ാം തീയതിയിലെ ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ.....അതിനകത്ത് 'High level of adulteration in Supplyco Provisions.' എന്നതിൽ പ്രധാനപ്പെട്ട ഒരു കാര്യം ഇതിനെ സംബന്ധിച്ച് പറയുന്നുണ്ട്. When contacted, the Chief Minister's Office confirmed that the Vigilance and Anti-Corruption Bureau had submitted its recommendations..... ഇത് ഇൻഡ്യൻ എക്സ്പ്രസ് പത്രമാണ്, ദേശാഭിമാനിയല്ല. (പത്രം സഭയിൽ ഉയർത്തിക്കാണിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇതിൽത്തന്നെ അടുത്ത ഭാഗത്ത് പറയുന്നത് "'When contacted, Minister Adoor Prakash said that he was not aware of the Vigilance and Anti Corruption Bureau Inquiry". ഈ അന്വേഷണത്തെ സംബന്ധിച്ചിടത്തോളം എന്താണ് സംഭവിച്ചിരിക്കുന്നത്? Vigilance and Anti-Corruption Bureau സാമ്പിളുകൾ പരിശോധിച്ചിട്ട് അനലറ്റിക്കൽ ലാബിന് കൊടുത്തു എന്ന് മുഖ്യമന്ത്രി സഭയിൽ അറിയിക്കുന്നു. ഇത് അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ടാണ്. (റിപ്പോർട്ട് സഭയിൽ ഉയർത്തിക്കാണിച്ചു). വസ്തുതാപരമല്ലാത്ത മറുപടിയല്ലേ ഇന്ന് ചോദ്യോത്തരവേളയിൽ പറഞ്ഞത്? അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ടിൽ പറയുന്നത് sound grains അതായത് നല്ല ധാന്യമണികൾ വാങ്ങാൻ..... 92 ശതമാനം നല്ല ധാന്യമണികൾ ഉണ്ടാകണമെന്ന് പറഞ്ഞ ടെന്റർ വ്യവസ്ഥ 87 ശതമാനം ആക്കിയതാണോ ഗുണനിലവാരം നന്നാക്കിയത്? ഹൈക്കോടതിയുടെ നിർദ്ദേശം ലംഘിച്ചത് ഇതിന്റെയടിസ്ഥാനത്തിലല്ലേ? ഹൈക്കോടതിയിൽ prima facie കുറ്റം ഉണ്ടെന്ന് പറഞ്ഞ്, ഞാൻ ഈ സഭയിൽ ഉന്നയിച്ച അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ടിൽ ഏതെങ്കിലും ഒന്നിൽ 4 എം. എം. സൈസ് വരുന്ന ചെറുപയർ ഉണ്ടെന്ന് പറയാൻ ഒക്കുമോ? ഈ അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മേശപ്പുറത്തുണ്ട്. അറിഞ്ഞുകൂടാ എന്ന് മന്ത്രി ഈ കാര്യത്തിൽ മറുപടി പറഞ്ഞാൽ ഒക്കുമോ? അതുപോലെ ഒരു കാര്യംകൂടി പറയാനുണ്ട്. Thrissur Enquiry Commission & Special Judge – ന്റെ റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ജൂലായ് മാസം 22-ാം തീയതി ഒരു വിധി വന്നിരിക്കുന്നു. ഇത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് തോന്നുന്നു. ഇതിന്റെ അവസാനത്തെ ഭാഗം മാത്രം ഞാൻ വായിക്കാം "The Court is of the view that the materials now available before this Court are sufficient to order a preliminary vigilance enquiry for ascertaining the genuineness and correctness of the allegations made against the respondent herein. Hence the Director, Vigilance and Anti-Corruption Bureau, Thiruvananthapuram is directed to take necessary steps for conducting a preliminary vigilance enquiry regarding the allegations contemplated in this CMP." ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ വന്നില്ലെങ്കിൽ ഈ ഉത്തരവ് അങ്ങ് പരിശോധിക്കാൻ തയ്യാറാകണം. അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ട് ഉണ്ട്. വിജിലൻസ് എൻക്വയറി ഉത്തരവ് ഇട്ടിരിക്കുന്നു. ജൂലായ് 22-ാം തീയതി ആ ഉത്തരവിന്റെ വിധി വന്നു. അതിന്റെ ബാക്കിയായിട്ടാണ് ആഗസ്റ്റ് 10-ന് ഹൈക്കോടതിവിധി വന്നിരിക്കുന്നത്. ഇത് ഒറ്റപ്പെട്ട വിധിയല്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഇവിടെ എന്താണ് സംഭവിച്ചിരിക്കുന്നത് എന്ന് നിയമസഭ മനസ്സിലാക്കിയിരിക്കണ്ടേ? ഗുണനിലവാരം നന്നാക്കിയതിന്റെ ഫലമായി കോർപ്പറേഷൻ സപ്ലൈ ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ നല്ല ധാന്യമണികൾ 92 ശതമാനം എന്നത് ഈ മന്ത്രി വന്നതിനുശേഷം 87 ശതമാനമായി ടെന്റർ ഫോമിൽ കുറവു ചെയ്തു. കോർപ്പറേഷൻ വാങ്ങുന്ന സാധനത്തിൽ damaged grains -ന്റെ ലിമിറ്റ് 2 ശതമാനം എന്നത് 4 ശതമാനമാക്കി ഇളവ് വരുത്തി. മാത്രമല്ല, കോർപ്പറേഷൻ വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളിൽ അന്യ ഭക്ഷ്യവസ്തുക്കൾ (other food grains) നം. 1 ആയിരിക്കണം എന്ന വ്യവസ്ഥയിൽ ശ്രീ. അടൂർ പ്രകാശും പുതിയ എം.ഡി.-യും കൂടി

LIBRARY ARCHIVES Kerala Legislative Assembly

മാറ്റം വരുത്തി; അന്യ ഭക്ഷ്യവസ്തുക്കൾ ഒരു ശതമാനം എന്നത് മൂന്ന് ശതമാനമാക്കി മാറ്റിയില്ലേ? Maximum moisture content ഭക്ഷ്യവസ്തുക്കളിൽ 12 ശതമാനത്തിലധികം പാടില്ല എന്ന വ്യവസ്ഥയിൽ ഇളവു വരുത്തി 14 ശതമാനം വരെയാകാം എന്നു പറഞ്ഞില്ലേ? അത് കോടതി കണ്ടെത്തി. ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പനയിലും വാങ്ങലിലും ഏറ്റവുമധികം കലർപ്പ് എങ്ങനെ ചേർക്കാം എന്നതിന്റെ ഗവേഷണമാണ് ഇന്ന് സിവിൽ സപ്ലൈസ് കേർപ്പറേഷനിലും മന്ത്രിയുടെ വസതിയിലും നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ തുടർച്ചയാണ് കോടതിവിധി. ഇതിനെക്കാൾ ഗൗരവതരമായ സ്ഥിതി ഇപ്പോൾ ഇല്ലേ? 2004 നവംബർ മുതൽ ജനുവരി വരെ പതിമൂന്നര രൂപയ്ക്ക് ബി.പി.എൽ. കാർഡുകാർക്ക് കൊടുക്കണമെന്ന് പറഞ്ഞ് കേന്ദ്ര ഗവൺമെന്റ് സബ്സിഡി നിരക്കിൽ കൊടുത്ത പഞ്ചസാര പതിനെട്ടര രൂപയ്ക്ക് കൊടുത്തില്ലേ? 4103 മെട്രിക് ടൺ പഞ്ചസാര പട്ടിണിക്കാരന്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പതിമൂന്നര രൂപയ്ക്ക് കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് സബ്സിഡി നിരക്കിൽ തന്നത് പതിനെട്ടര രൂപയ്ക്ക് മറിച്ചു വിറ്റില്ലേ? അങ്ങ് ഒന്ന് പരിശോധിക്കുമോ? ഈ കാര്യത്തിൽ എന്താണ് ഗവൺമെന്റിന്റെ പങ്ക്? ഞാൻ ഈ സഭയിൽ ഉന്നയിച്ച രേഖ ഒന്നുകൂടി വായിക്കുന്നു: "The Hon'ble Minister for Food and Civil Supplies has personally directed me on 13-9-2004 to accept all samples irrespective of quality". എം.ഡി. യുടെ ഈ ഉത്തരവ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. (ഉത്തരവ് മേശപ്പുറത്ത് വച്ചു). ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. ഇങ്ങനെ ഒരു സർക്കുലർ എം.ഡി. താഴോട്ട് കൊടുത്താൽ മന്ത്രിക്ക് ഇതിൽ പങ്കില്ലെങ്കിൽ ആ എം.ഡി.ക്കെതിരെ നടപടിയെടുക്കണ്ടേ? എന്നിട്ടോ? കോടതി പരിശോധിച്ച രേഖ എന്താണ്? എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ടിൽ 14 ഐറ്റം സാമ്പിളിന്റെ സൈഡിൽ അവർ എഴുതിവച്ചു Samples accepted without accurate scientific analysis as per the instructions from the Manager, Quality Controller in view of the Hon'ble Minister's direction to accept all samples. ഹൈക്കോടതി വിധി ഇങ്ങനെയിരിക്കുന്നു. മന്ത്രി എം.ഡി.ക്ക് വാക്കാൽ നിർദ്ദേശം കൊടുക്കുന്നു. എം.ഡി. അത് താഴോട്ട് സർക്കുലേറ്റ് ചെയ്യുന്നു. ഹൈക്കോടതി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത കമ്മിറ്റി റിപ്പോർട്ടിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണിത്.(കോപ്പി സഭയിൽ ഉയർത്തിക്കാണിച്ചു). ഇക്കാര്യത്തിൽ ഗവൺമെന്റിനും മന്ത്രിക്കും ഉള്ള പങ്ക് എന്താണെന്ന് അങ്ങേക്കും പരിശോധിക്കാം. ഇത് വസ്തുതാപരമല്ലേ? 18-ാം തീയതിയിലെ നിയമസഭാ നടപടിയുടെ സംഗ്രഹമാണിത്. (സംഗ്രഹം സഭയിൽ ഉയർത്തിക്കാണിച്ചു). ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് തന്നതാണ്. ഇതിനകത്തെ എന്റെ പ്രസംഗം ഞാൻ ആവർത്തിക്കുന്നില്ല. അക്കമിട്ട് ഞാൻ ഇവിടെ അവതരിപ്പിച്ചു. ഈ സംഗ്രഹം മുഖ്യമന്ത്രി വായിച്ചിട്ട് മറുപടി പറയണം. ഞാൻ ഉന്നയിച്ച ആരോപണത്തിന് ശ്രീ. അടൂർ പ്രകാശ് മറുപടി പറഞ്ഞില്ല. ശ്രീ. കാർത്തികേയൻ മന്ത്രിയായിരുന്നകാലത്ത് അന്നത്തെ അഴിമതിയെക്കുറിച്ച് ഞാൻ പറഞ്ഞു. അന്ന് ശ്രീ. കാർത്തികേയൻ പറഞ്ഞു, അദ്ദേഹം നിരപരാധിയാണെന്ന്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. കാർത്തികേയൻ നൂറിൽ ചിലാനം കോടി രൂപയുടെ അഴിമതി നടത്തിയായി

LIBRARY ARCHIVES Kerala Legislative Assembly

പത്ത് മാസങ്ങൾക്ക് മുൻപ് ശ്രീ. അടൂർ പ്രകാശ് പത്രസമ്മേളനം നടത്തി. ഹൈക്കോടതി വിധിയിൽനിന്നും ശ്രദ്ധ തിരിച്ചുവിടാൻ ശ്രീ. അടൂർ പ്രകാശ് ഇന്ന് ആ വാർത്ത വീണ്ടും മലയാള മനോരമയിൽ കൊടുപ്പിച്ചിട്ടുണ്ട്. ഈ സാധനങ്ങൾ കോടതിവിധി ലംഘിച്ചുകൊണ്ട് കാളിറ്റി പരിശോധിക്കണ്ട എന്ന് തീരുമാനിച്ച് വ്യവസ്ഥയിൽ മാറ്റം വരുത്തിയ ശ്രീ. അടൂർ പ്രകാശിനെ ഹൈക്കോടതി വിധിയുടെ പരാമർശത്തിൽ നിയമസഭയിൽ എഴുതിക്കൊടുത്ത് ആരോപണം ഉന്നയിച്ചതിന്റെയടിസ്ഥാനത്തിൽ മന്ത്രിസഭയിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഈ പ്രശ്നത്തിൽ ഒരു തീരുമാനമെടുക്കാൻ യു.ഡി.എഫിന് കഴിയണം. അല്ലെങ്കിൽ മന്ത്രിയുടെ നടപടികൾ ഈ രാജ്യത്തെ ജനങ്ങളുടെ മുൻപിൽ തുറന്നുകാണിക്കേണ്ടിവരും. ഇത് ഗൗരവമായ പ്രശ്നമാണ്.

മി. സ്പീക്കർ: മി. ദേവകുമാർ, ആവേശം വന്നാൽ എന്തും പറയരുത്. അടിയന്തിരപ്രമേയത്തിന്റെ പരിധിയിൽനിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. ടി. കെ. ദേവകുമാർ: ഉച്ചക്കഞ്ഞിക്ക് കൊടുത്ത 4 എം.എം. സൈസ് പയറാണ് പ്രശ്നം.

മി. സ്പീക്കർ: നിയമസഭയിൽ അടിയന്തിരപ്രമേയത്തിന് നിശ്ചിത നിയമങ്ങളുണ്ട്. മൈതാനപ്രസംഗംപോലെ കയ്യടികിട്ടാൻവേണ്ടി പ്രസംഗിക്കരുത്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. കെ. ദേവകുമാർ: I am concluding. ഒറ്റ സെന്റൻസ്. പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് ഉച്ചക്കഞ്ഞിയോടൊപ്പം കൊടുക്കുന്ന പയറിൽ തിരിമറി നടത്തിയ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് അടിയന്തിരമായി ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):* സർ, ബഹുമാനപ്പെട്ട ഹരിപ്പാട് അംഗം ആവേശപൂർവ്വം അവതരിപ്പിച്ച ഈ അടിയന്തിര പ്രമേയത്തിനും അദ്ദേഹം ഉന്നയിച്ച അഴിമതി ആരോപണങ്ങൾക്കും ഞാൻ ഈ സഭയിൽ വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണ്. അദ്ദേഹം നേരത്തെ ഇവിടെ അഴിമതി ആരോപണം അവതരിപ്പിച്ചപ്പോൾ ഞാൻ ചില വസ്തുതകൾ നിരത്തി വച്ചുകൊണ്ട് അതിന് മറുപടി നൽകിയിരുന്നു. അതിൽ പ്രധാനമായിട്ടുള്ളത് കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യാൻ അനുവദിക്കരുത് എന്നുള്ളതുതന്നെയാണ്. അതാണ് ഈ ഗവൺമെന്റിന്റെ വ്യക്തമായ കാഴ്ചപ്പാട്. ആ കാഴ്ചപ്പാടോടുകൂടിത്തന്നെ കേരളത്തിന്റെ ഖജനാവിൽനിന്നും ഒഴുകിക്കൊണ്ടിരുന്ന കോടിക്കണക്കിന് രൂപ മറ്റ് ഏതാനും ചില വ്യക്തികളുടെ കൈകളിലേക്ക് പോകുന്ന അവസരമുണ്ടായപ്പോൾ അതിന് പരിഹാരമാർഗ്ഗമെന്ന നിലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തിൽ ചില നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷനുകളിൽ മുൻകാലങ്ങളിൽ ഓരോ മാസവും ചില വ്യക്തികളുടെ താൽപര്യത്തിനനുസരിച്ച് സാധനങ്ങൾ സപ്ലൈ ചെയ്തിരുന്നതിന്റെ ഫലമായി

[10.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന് കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നമുക്കറിയാം ഇന്ന് സഞ്ചിതനഷ്ടം എന്നുപറയുന്നത് കോടിക്കണക്കിന് രൂപയുടേതാണ്. ഇതിനൊരു മാറ്റം ഉണ്ടാകുന്നതിനുവേണ്ടി കോർപ്പറേഷൻ ചില നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഹരിപ്പാട് അംഗം ഇവിടെ സൂചിപ്പിച്ചത്, ഹൈക്കോടതിയിൽനിന്നും നിർദ്ദേശമുണ്ടായിരുന്നു; ജഡ്ജ്മെന്റ് ഉണ്ടായിരുന്നു; ആ ജഡ്ജ്മെന്റിന്റെ പേരിൽ എല്ലാം മാറ്റിമറിച്ചിരിക്കുന്നു എന്നാണ്. ഹൈക്കോടതിയിൽ നിന്നും ഈ സാമ്പിളുകൾ പരിശോധിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുള്ളത് ഇന്നലെ മാനേജിംഗ് ഡയറക്ടർക്കെതിരെ വിധി പ്രഖ്യാപിച്ച അതേ ജഡ്ജി തന്നെ പ്രഖ്യാപിച്ച വിധിയനുസരിച്ചാണ്. ആ വിധിയിൽ പറഞ്ഞിരിക്കുന്നത് അഞ്ചംഗകമ്മിറ്റി ഇത് പരിശോധന നടത്തണമെന്നാണ്. അഞ്ചംഗകമ്മിറ്റി പരിശോധന നടത്തണമെന്ന് മാത്രമേ അതിൽ പറഞ്ഞിട്ടുള്ളൂ. ആ അഞ്ചംഗകമ്മിറ്റി പരിശോധന നടത്തണമെന്ന് പറഞ്ഞ സ്ഥാനത്ത് ആ കമ്മിറ്റിയെ നിയന്ത്രിച്ചുകൊണ്ടിരുന്ന ഏതാനും ചില വ്യക്തികൾക്ക് ഇന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പണ്ടുകാലങ്ങളിൽ ഉണ്ടായിരുന്നതുപോലുള്ള സ്വാധീനം ഇല്ല എന്നുള്ളതാണ് ഇന്ന് ഈ ആക്ഷേപങ്ങളുടെയെല്ലാം പ്രധാനപ്പെട്ട കാരണമായി വന്നുകൊണ്ടിരിക്കുന്നത്.

(. . . . .ബഹളം . . . . .)

അത് ആര് എന്നതിനെക്കുറിച്ച് ഞാൻ പറയേണ്ട കാര്യമില്ല. ഇത് അവതരിപ്പിച്ച ബഹുമാനപ്പെട്ട ഹരിപ്പാട് അംഗത്തിന് നന്നായി ആ ആളിനെക്കുറിച്ച് അറിയാം. അതുകൊണ്ട് ആളിനെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

(. . . . ബഹളം . . . . .)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, ശ്രീ. ദേവകുമാർ ഇരിക്കൂ.

(. . . . . ബഹളം . . . . .)

ശ്രീ. അടൂർ പ്രകാശ്: ഇക്കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചുവന്നപ്പോൾ വളരെ ആവേശം ഉണ്ടാകുന്നു, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കാണിച്ചു എന്നല്ല ഞാൻ പറഞ്ഞത്, കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുന്നവർക്ക് അനുകൂലമായിട്ട് ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഈ ആവേശം കാണിക്കുന്നത്.

(. . . . . ബഹളം . . . . .)

ഇക്കാര്യത്തിൽ ചില തീരുമാനങ്ങൾ ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(. . . . . ബഹളം . . . . . .)

മി. സ്പീക്കർ: Please come to the point. ബാക്കി ചരിത്രം ഒന്നും വേണ്ട അടിയന്തിര പ്രമേയത്തിൽ പറഞ്ഞ കാര്യം മാത്രം മതി, അവർ പ്രകോപിപ്പിച്ചാൽ വെറുതെ നമ്മൾ പ്രകോപിക്കണ്ട. എല്ലാവരും നമ്മൾതന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: കോടതിവിധിയാണ് ഞാൻ പറഞ്ഞത്.

ശ്രീ. അടൂർ പ്രകാശ്: ഇവിടെ ഹൈക്കോടതിവിധിയുടെ കാര്യമാണ് എടുത്തുപറഞ്ഞത്.

മി. സ്പീക്കർ: പ്രകോപിപ്പിക്കുന്ന ഒരു വിഭാഗം ഉണ്ട്, ശാന്തമായൊരു വിഭാഗം ഉണ്ട്, അതാണ് പറഞ്ഞത്.

ശ്രീ. അടൂർ പ്രകാശ്: 3-12-2004 ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും ഒരു ഉത്തരവ് ഉണ്ടായിട്ടുണ്ട്. അതിൽ പരാതി നൽകിയിരുന്നത് ആർ. വിജയകുമാർ, കെയർ ഓഫ് എ. വി. ട്രേഡേഴ്സ്, കൊച്ചിൻ ആയിരുന്നു. സാമ്പിൾ പരിശോധനയെക്കുറിച്ചുള്ള ഒരു പെറ്റീഷനാണ് അദ്ദേഹം ഫയൽ ചെയ്തിരുന്നത്. അതിൻമേൽ വന്നിരിക്കുന്ന വിധിയിൽ കോടതി പറഞ്ഞിരിക്കുന്നത്, The first respondent is a commercial establishment run by the State Government in public interest. It is established to intervene in the market to arrest the price rise. It is for the Corporation to decide how it should make its purchases. കോടതി പറഞ്ഞിരിക്കുകയാണ്. It is for the Corporation to decide how it should make its purchases. ഇത് മന്ത്രി പറഞ്ഞതല്ല. This Court under Article 226 of the Constitution of India, cannot sit in appeal over the method or the procedure adopted by it. The petitioner who is a contractor, has no legal right to insist that the Corporation should act in a particular manner in the matter of purchase of goods. The Corporation does not owe any duty to him in this regard. Therefore, the Writ Petition is not maintainable. ഇതിൽ പറഞ്ഞിരിക്കുന്നത് എന്താണ്? ഏതെങ്കിലും ഒരു കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഈ സഭയിൽ വന്ന് സമയം കളയേണ്ട കാര്യമുണ്ടോ? നമുക്ക് എത്രയോ കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്? ഇന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സുതാര്യതയോടുകൂടി ടെൻഡർ സിസ്റ്റം കേരളത്തിൽ നടപ്പിലാക്കിയിരിക്കുകയാണ്. റീ-ടെൻഡറിംഗ് സിസ്റ്റം കേരളത്തിൽ ആദ്യമായി നടപ്പിലാക്കിയ ഒരു ഡിപ്പാർട്ടുമെന്റാണ് ഇത്. ആർക്കും ഇന്ന് ടെൻഡർ കൊടുക്കാം. പണ്ട് ഉണ്ടായിരുന്ന ഏതാനും ചില വ്യക്തികൾ, ശ്രീ. വിജയകുമാറിനെപ്പോലുള്ള വ്യക്തികൾ, അതുപോലെ മറ്റുചില ആളുകളുടെ ബിനാമികൾക്ക് കൊടുത്തുകൊണ്ടിരുന്നത് അവസാനിപ്പിക്കാൻ കഴിഞ്ഞു. അത് അവസാനിപ്പിക്കാൻ കഴിഞ്ഞപ്പോൾ മാർക്കറ്റ് വിലയെക്കാൾ താഴ്ന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങാൻ കഴിയുന്നു. കൂടിയ വിലയ്ക്കാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പർച്ചേസ് ചെയ്തുകൊണ്ടിരുന്നത്. ഇന്ന് മാർക്കറ്റ് വിലയെക്കാൾ താഴ്ന്നവിലയ്ക്ക് സാധനങ്ങൾ പർച്ചേസ് ചെയ്ത് സാധാരണ ജനങ്ങൾക്ക് ഏറ്റവും വിലകുറച്ചുകൊടുക്കാൻ കഴിയുന്നുണ്ട്. അതാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയ്തിട്ടുള്ള ഏറ്റവും നല്ല കാര്യം. അതിനെ ചോദ്യം ചെയ്തുകൊണ്ട് അവിടെ പറയുന്നതെന്താണ്? മാർക്കറ്റ് വിലയെക്കാൾ കൂടുതൽ വാങ്ങി സബ്സിഡി നൽകി കേരളത്തിലെ ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് കൊടുക്കണമെന്നാണ്. അത് ചെയ്യണമോ വേണ്ടയോ എന്ന് ഈ സഭ തീരുമാനിക്കണം..... .....(ബഹളം).....ഖജനാവിൽ നിന്നുള്ള പണം കൊള്ളയടിക്കാൻവേണ്ടി ആരെങ്കിലും കൂട്ടുനിൽക്കേണ്ട ആവശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം വ്യക്തമാക്കേണ്ടത്, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ഒരു കാര്യം പറഞ്ഞു. The Honourable Minister for Food and Civil Supplies has personally directed me on 30-9-2004 to accept all the samples irrespective of quality. ഇങ്ങനെ ഒരു നിർദ്ദേശം എന്തിന് നിങ്ങൾ കൊടുത്തു? യാതൊരു പരിശോധനയും നടത്താതെ, ക്വാളിറ്റി നോക്കാതെ എടുക്കണമെന്ന് നേരിട്ട് പെഴ്സണലായി പറഞ്ഞു എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിന് നിങ്ങളുടെ വിശദീകരണമെന്താണ്?

ശ്രീ. അടൂർ പ്രകാശ്: അതിന്റെ വിശദീകരണം അങ്ങൊന്ന് കേൾക്കണം. പ്രതിപക്ഷ ഉപനേതാവ് ഒരു ചോദ്യം ചോദിച്ചു. ഞാൻ ചെയ്തത് തെറ്റാണെന്ന് എനിക്കറിയാം; എങ്കിൽപ്പോലും അങ്ങ് പറഞ്ഞത് ഞാൻ സ്വീകരിച്ചു. എന്നാലും അദ്ദേഹം ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞുകൊള്ളട്ടെ. സന്തോഷമുള്ള ഒരു ചോദ്യമാണ് അദ്ദേഹം ചോദിച്ചത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്നത് ഐ.ജി. ആയിരുന്ന ശ്രീ. പുലികേശി ആയിരുന്നു. ഞാൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം അദ്ദേഹത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നീ സ്ഥാനങ്ങളിൽനിന്നും മാറേണ്ടിവന്നു. മാറ്റേണ്ടിവന്ന കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ആ വിശദീകരണത്തിനൊന്നും ഞാൻ സമയമെടുക്കുന്നില്ല. അദ്ദേഹം അതിനുശേഷം വിജിലൻസിന്റെ ചുമതലക്കാരനായി. ഇപ്പോൾ സിവിൽസപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ സുതാര്യതയോടുകൂടി ന്യായമായ വിലയ്ക്ക് വാങ്ങുന്നു എന്നു കണ്ടപ്പോൾ അങ്ങനെയല്ല എന്ന് വരുത്തിത്തീർക്കുന്നതിനുള്ള ശ്രമം അദ്ദേഹം നടത്തി. അദ്ദേഹം അങ്ങനെ നടത്തിയതിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പല ഡിപ്പോകളിലും പോയി സ്വന്തം ആളുകളെ വിട്ട് പരിശോധനകൾ നടത്തി. അങ്ങനെ പരിശോധന നടത്തുമ്പോൾ അവിടെനിന്ന് സാമ്പിൾ എടുത്താൽ, നമ്മൾ ഒരു കേസ് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി എവിടെനിന്നെങ്കിലും ഒരു സാമ്പിൾ പരിശോധന നടത്തിയാൽ, ആ സാമ്പിൾ എടുത്തുവെന്ന് രേഖകൾ കൊടുക്കണം. അങ്ങനെ യാതൊന്നും ചെയ്യാതെ അവിടെനിന്ന് സാമ്പിൾ എടുത്തുവെന്ന് രേഖകൾ ഉണ്ടാക്കിയതിനുശേഷം എവിടെനിന്നെങ്കിലും എന്തെങ്കിലും കൊണ്ടുവച്ച് പരിശോധന നടത്തിയിട്ട് ആ പരിശോധനയുടെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇത് ഏറ്റെടുക്കണമെന്നു പറഞ്ഞാൽ അത് സമ്മതിച്ചുകൊടുക്കാൻ പറ്റുന്ന കാര്യമല്ല. സ്വയം ഇതിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി നടത്തപ്പെടുന്ന ഒരു പ്രയോഗത്തിന്റെ ഭാഗമായിട്ടാണ് ഇന്ന് ഇതിനെ കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചോദിച്ചതിന് മറുപടിയായി ഇതു പറയണമെന്ന് ഞാൻ ആഗ്രഹിച്ചത്. പ്രധാനപ്പെട്ട ഒരു കാര്യം, അദ്ദേഹം എം.ഡി. ആയിരുന്നപ്പോൾ.....(ബഹളം).....പ്രധാനപ്പെട്ട ഒരു കാര്യമല്ലേ? അദ്ദേഹം എം. ഡി. ആയിരുന്നപ്പോൾ ...(ബഹളം).....സിവിൽസപ്ലൈസ് കോർപ്പറേഷന്റെ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് .....(ബഹളം).....

ശ്രീ. ദേവകുമാർ ഇത് വളരെ പ്രധാനപ്പെട്ട, കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കാര്യമാണെന്ന് തുടക്കത്തിലേ ഞാൻ പറഞ്ഞു. ശ്രീ. ദേവകുമാർ പരിധിവിട്ട് സംസാരിക്കരുത്. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് കുറച്ച് സംസാരിച്ചു. എന്തോ ആകട്ടെ, മന്ത്രിക്ക് മറുപടി പറയാനുള്ള അവസരം കൊടുക്കണം. പിന്നെ ഓരോരുത്തരും ആഗ്രഹിക്കുന്നതനുസരിച്ചുള്ള മറുപടി കിട്ടിയെന്നുവരില്ല. എനിക്ക് ശ്രീ. ദേവകുമാറിനെപ്പോലെ സംസാരിക്കണമെന്ന് ഓരോ അംഗത്തിനോടും പറയാൻ പറ്റുകയില്ല. അതുകൊണ്ട് സമാധാനപരമായി പറയാനുള്ളത് കേൾക്കൂ.

ശ്രീ. അടൂർ പ്രകാശ്: സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ജനറൽ മാനേജർ ഒരു റെക്കമെന്റേഷൻ കൊടുത്തു. 7-5-2003-ന് കൊടുത്ത റെക്കമെന്റേഷനിൽ പറഞ്ഞിരിക്കുന്നത്, ഈ സാമ്പിൾ പരിശോധനയിൽ ഇപ്പോഴുള്ള നടപടികളുമായി മുന്നോട്ടുപോയാൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ചില ആളുകൾ അവിഹിതമായി ബന്ധപ്പെട്ട് അവരുടെ ഇടപാടുകൾ മാത്രം നടത്തപ്പെടുന്ന സ്ഥാപനമായി ഇത് മാറ്റപ്പെടുമെന്നാണ്. അത് 8-5-2003-ൽ ബോർഡിൽ പ്ലെയിസ് ചെയ്തു. ബോർഡിൽ പ്ലെയിസ് ചെയ്തശേഷം 15-5-2003-ന് മാനേജിംഗ് ഡയറക്ടർ.....(ബഹളം).....അഫിഡവിറ്റ് ഫയൽ ചെയ്തു. അഫിഡവിറ്റ് ഫയൽ ചെയ്തതിനുശേഷം, 2-6-2003-ൽ അദ്ദേഹം പറയുന്ന ഏറ്റവും പ്രധാനപ്പെട്ട ജഡ്ജ്മെന്റിനെക്കുറിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലീഗൽ ഒപ്പീനിയൻ കൊടുത്തിട്ടുണ്ട്. ഈ ജഡ്ജ്മെന്റിനെക്കുറിച്ച് കൊടുത്തിരിക്കുന്ന ലീഗൽ ഒപ്പീനിയൻ ഇതാണ്: It is further stated in the judgement that the selection made by the Expert Quality Control Committee shall be final. This observation of the court is beyond the jurisdiction of the High Court in the process of judicial review. Further if inferior quality is supplied after giving a better quality for the purpose of securing the contract, it may cause difficulties for the Corporation to reject the goods at the time of supply if the observations contained in Para-9 of the judgement are retained. Therefore I am of the view that the Corporation has to file an appeal as against the observations and directions contained in Para 9 of the judgement.....(ബഹളം)..... ഈ ലീഗൽ ഒപ്പീനിയൻ.....(ബഹളം).....നൽകിയതിനുശേഷം അന്നത്തെ സി.എം.ഡി. ..... (ബഹളം).....18-6-2003-ന് അദ്ദേഹം ഫയൽ എഴുതിയിരിക്കുകയാണ്. We need not file any appeal. ആരാണ് എഴുതിയിരിക്കുന്നതെന്നറിയാമോ? സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. പുലികേശി ഫയലിൽ എഴുതിയിരിക്കുകയാണ്, We need not file any appeal. ആ അപ്പീൽ നൽകേണ്ട എന്ന് പറഞ്ഞതിനാലാണ് ഇപ്പോൾ സംശയം..... (ബഹളം).....കാരണം.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എന്താണ് ശ്രീ. ദേവകുമാർ, അങ്ങേയ്ക്ക് എന്താണ്? നിങ്ങൾ എന്താണ് പറയുന്നത്?..... (ബഹളം)..... നോ, പ്ലീസ്, എന്താണ് കലിവന്ന മാതിരി പറയുന്നത്. അങ്ങേയ്ക്ക് ഒന്ന് നിയന്ത്രിച്ചുകൂടെ. ഉത്തരവാദപ്പെട്ട ആളല്ലേ? പ്ലീസ്, പ്ലീസ്, ...

ശ്രീ. അടൂർ പ്രകാശ്: സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ പൂർണ്ണമായ നിയന്ത്രണത്തിൽ കാര്യങ്ങൾ പോകുകയാണ്. ഏറെ സുതാര്യതയോടുകൂടി, ഏറെ വിലകുറച്ച് സാധനങ്ങൾ വാങ്ങുവാൻ കഴിയുന്നു എന്നുള്ളതുകൊണ്ടാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലാഭത്തിൽപോകുന്നത്. പതിനൊന്ന് കോടി എൺപത്തിയെട്ട് ലക്ഷം രൂപ പ്രവർത്തന ലാഭത്തിലേക്ക് ഈ ആറ് മാസക്കാലംകൊണ്ട് സിവിൽസപ്ലൈസ് കോർപ്പറേഷനെ എത്തിക്കാൻ കഴിഞ്ഞു. അവിടെ കൊള്ള അവസാനിച്ചു വെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുപോലെതന്നെ അദ്ദേഹം ഇവിടെ പഞ്ചസാരയുടെ കാര്യം സൂചിപ്പിച്ചു.

മി. സ്പീക്കർ: മിനിസ്റ്റർ, അടിയന്തിരപ്രമേയത്തിന്റെ കാര്യം പറഞ്ഞ് അവസാനിപ്പിക്കൂ. ഇത് വകുപ്പ് ചർച്ചയല്ലല്ലോ?.....(ബഹളം).....

ശ്രീ. അടൂർ പ്രകാശ്: അദ്ദേഹം പറഞ്ഞതിന് മറുപടി പറയണ്ടേ? 13.50 രൂപയ്ക്ക് റേഷൻ കടയിലൂടെ പഞ്ചസാര വിതരണം ചെയ്യുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അത് മറിച്ചുവിൽക്കുന്ന ഇടപാടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ എല്ലാ മാസവും ടെന്റർ ക്ഷണിച്ച് പഞ്ചസാര എടുത്ത് അതിന് വിലയിട്ട് കൊടുക്കുകയാണ് ചെയ്യുന്നത്. അതല്ലാതെ റേഷൻ വിതരണം ചെയ്യുന്ന പഞ്ചസാര മറിച്ചുവിൽക്കുന്ന ഏർപ്പാട് സിവിൽ സപ്ലൈസ് കോർപ്പറേഷനില്ല. ഇവിടെ ബഹുമാനപ്പെട്ട ഹരിപ്പാട് അംഗം വളരെ ആവേശത്തോടുകൂടി പറഞ്ഞ കാര്യങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയമാണ്. കോടതി ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കും. ആ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മുൻപോട്ട് പോകാൻ കഴിയുന്ന കാര്യങ്ങളാണ്. അതുകൊണ്ട് ഇക്കാര്യം സംബന്ധിച്ച് നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* ബഹുമാനപ്പെട്ട സ്പീക്കർ, ഈ അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ദേവകുമാർ പറഞ്ഞ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി ശ്രദ്ധാപൂർവ്വം കേട്ടു. അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിക്കുന്നതിനുവേണ്ടി അദ്ദേഹം ശ്രമിച്ചു എന്നുള്ളത് നല്ല കാര്യമാണ്. അദ്ദേഹത്തിന് ഉത്തരവാദിത്വമില്ലാത്തതും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നിട്ടില്ലാത്തതുമായ കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമാക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അതേസമയം തന്നെ, അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന ആളുകളോ, അതിനും മുൻഗാമികളായി 1994-ൽ ഇരുന്ന ആളുകളോ ഇതിനകത്ത് കുഴപ്പങ്ങൾ കാണിച്ചിട്ടുണ്ടോ എന്നുള്ളത് അദ്ദേഹത്തിന് പറയാൻ കഴിയില്ല. കാരണം അവർ യു.ഡി.എഫ്.-ൽപ്പെടുന്ന മന്ത്രിമാരായിരുന്നു. അങ്ങനെയുള്ള ആളുകൾ കാണിച്ചിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന് പറയാൻ വിഷമം കാണുമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഗുണനിലവാരം കുറഞ്ഞ 14 ഇനം പലവ്യഞ്ജനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്തുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തിക്കുന്നതുതന്നെ നല്ല സാധനങ്ങൾ അത്യാവശ്യ നിത്യോപയോഗസാധനങ്ങൾ പൊതുമാർക്കറ്റിലുള്ളതിനെക്കാൾ വില കുറച്ച് പൊതുജനങ്ങൾക്ക് നൽകാനാണ്. അല്ലാതെ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിലകൂറച്ച് കൊടുക്കുന്നു എന്നു പറയുന്നതിൽ അർത്ഥമില്ല. നല്ല സാധനങ്ങൾ പൊതുമാർക്കറ്റിനെക്കാൾ വിലക്കുറച്ച് കൊടുക്കുന്നു എന്നുള്ളതാണ് പൊതുവിതരണ സമ്പ്രദായത്തിന്റെ ക്രെഡിറ്റ്. സാധനങ്ങളുടെ ഗുണനിലവാരം ചിലപ്പോഴെല്ലാം മാറിയിട്ടുണ്ട്. അതിന് എം. ഡി. മാരായ ഉദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും ആയിട്ടുള്ളവർ അൽപ്പസ്വൽപ്പം അവർക്ക് പ്രയോജനമുണ്ടാകത്തക്ക തരത്തിലും കോൺട്രാക്ടർമാർക്ക് പ്രയോജനമുണ്ടാകത്തക്ക തരത്തിലുമെല്ലാം ഇടപെടുകയും കുഴപ്പം കാണിക്കുകയും ചെയ്തിട്ടുണ്ട്. മന്ത്രിയുടെ നിർദ്ദേശമനുസരിച്ചാണ് തനിക്ക് ഇങ്ങനെ ചെയ്യേണ്ടിവന്നതെന്ന് എം. ഡി. പറഞ്ഞതാണ് ഇവിടെ പ്രശ്നമായി വന്നിരിക്കുന്നത്. ആ ഉദ്യോഗസ്ഥനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, അയാളുടെ കുഴപ്പം കൊണ്ടാണ് അങ്ങനെ വന്നതെന്നും അതുകൊണ്ടാണ് ആ ഉദ്യോഗസ്ഥനെ തൽസ്ഥാനത്ത് നിന്ന് മാറ്റേണ്ടിവന്നതെന്നുമാണ്. എം. ഡി. യുടെ സ്ഥാനത്ത് നിന്ന് മാറ്റിയതിന്റെ പ്രതികാരമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് അയാൾ മന്ത്രിയെ കുറ്റക്കാരനായി ചിത്രീകരിച്ചത്; ആ നിലയിലാണ് ഇതൊക്കെയുണ്ടായിട്ടുള്ളത് എന്ന് മന്ത്രിയുടെ മറുപടിയിൽനിന്ന് സംശയിക്കാവുന്നതാണ്. കൊച്ചുകുഞ്ഞുങ്ങൾക്ക് ഉച്ചക്കഞ്ഞി വിതരണം ചെയ്തിട്ടുള്ളതിൽപ്പോലും ഗുണനിലവാരം കുറഞ്ഞ ചെറുപയറാണ് ഉപയോഗിച്ചിരിക്കുന്നത്. അത് ഈ 14 ഇനങ്ങളിൽപ്പെടുന്നു. യഥാർത്ഥ ഉത്തരവാദികളായിട്ടുള്ളവരെ കണ്ടുപിടിക്കുന്നതിന് അതിവഗൗരവമായിട്ടുള്ള നടപടി ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതുണ്ട്. കോടതി വിധി, മന്ത്രിയുടെ വിശദീകരണം, അടിയന്തിരപ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറുടെ ഇതുസംബന്ധിച്ചുള്ള ആക്ഷേപം ഇതിനെക്കുറിച്ചെല്ലാം തന്നെ മുഖ്യമന്ത്രി നേരിട്ട് അന്വേഷിച്ച് ആവശ്യമായ അടിയന്തിരനടപടി എടുത്തിട്ട് സഭയെ അറിയിക്കാൻ താൽപ്പര്യപ്പെടുമോ? അതോ ജുഡീഷ്യൽ എൻക്വയറിതന്നെ നടത്തിയിട്ട് ഈ പ്രശ്നത്തെ സംബന്ധിച്ച സത്യാവസ്ഥ പൊതുജനങ്ങൾക്കും സഭയ്ക്കും അറിയുന്നതിനുള്ള സൗകര്യം ഉണ്ടാക്കുമോ? ഏതാണ് ചെയ്യാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചാൽ കൊള്ളാമായിരുന്നു. ഇതിനെ സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി വേണമെന്ന് ഞാൻ പറയുന്നില്ല. നിയമസഭയിൽ അപ്പുറത്തും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പുറത്തുമുള്ള ആളുകളെ ചേർത്തിട്ട് നിങ്ങൾക്ക് ഭൂരിപക്ഷമുള്ള കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറുണ്ടോ? ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ; ഉണ്ടെങ്കിൽ അതും കൂടി കേട്ടതിനുശേഷം സഭയിൽനിന്ന് ഇറങ്ങിപ്പോകണമോ ഇരിക്കണമോ എന്ന് തീരുമാനിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സിവിൽ സപ്ലൈസ് കോർപ്പറേഷൻ കാര്യക്ഷമതയോടുകൂടി, കേരളത്തിലെ സാധാരണക്കാർക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന രംഗത്ത് ഏറ്റവും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കണമെന്ന് ഗവൺമെന്റിന് നിർബന്ധബുദ്ധിയുണ്ട്. കഴിഞ്ഞ 4 വർഷം നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് വച്ചുകൊണ്ട് പ്രതിപക്ഷത്തിന് കേരളത്തിൽ സമരം ചെയ്യാൻ സാധിച്ചില്ലെങ്കിൽ അത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫലപ്രദമായ പ്രവർത്തനത്തിന് കിട്ടിയ അംഗീകാരമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഞാനിതൊക്കെ നോക്കിക്കൊണ്ടിരിക്കുന്ന ആളാണ്. ശ്രീ. ദേവകുമാർ ഇവിടെ ഹാജരാക്കിയ മുഴുവൻ രേഖകളും ഇവിടെയുണ്ട്. ആ രേഖകൾ എനിക്ക് തന്ന ആളും ശ്രീ. ദേവകുമാറിന് കൊടുത്ത ആളും ഒന്നാണ്. .....(ബഹളം).....
പാർട്ടി ഏതാണെന്നുള്ളതല്ല പ്രശ്നം. എന്താണ് അതിലെ പ്രശ്നമെന്നുള്ളതാണ്. ഞാൻ അത് പരിശോധിച്ചിട്ടുണ്ട്, പഠിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി കാര്യക്ഷമതയോടെ, ഗുണനിലവാരമുള്ള സാധനങ്ങൾ ഏറ്റവും വിലക്കുറച്ച് കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ മുഴുവൻ വിശദാംശങ്ങളും പ്രതിപക്ഷനേതാവിന് ഞാൻ തരാം. അങ്ങ് അത് പരിശോധിച്ചതിനുശേഷം എന്നോട് എന്തെങ്കിലും പറഞ്ഞാൽ ഞാനത് കേൾക്കാൻ തയ്യാറാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ വിശ്വാസത്തിലെടുത്തതിന് സന്തോഷമുണ്ട്. ഒരു കമ്മിറ്റി ഇക്കാര്യം പരിശോധിക്കുന്നതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എനിക്കും നല്ലത്. അവർക്കും തൃപ്തിയാകുമല്ലോ? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെന്റും മുഖ്യമന്ത്രിയുമാണോ കുറ്റക്കാർ? അതോ കോൺട്രാക്ടർമാരുടെ ഏജന്റുമാരായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരാണോ എന്നുള്ളത് സംബന്ധിച്ചുള്ള യഥാർത്ഥ വസ്തുതകൾ കണ്ടുപിടിക്കുക എന്നുള്ളതാണ് ആവശ്യം. അതിന് സഹായകരമാകത്തക്കവിധത്തിൽ ഒരു കമ്മിറ്റിയെവച്ച് ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതല്ലേ നമുക്ക് രണ്ട് പേർക്കും നല്ലത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഈ നിയമസഭയിൽ ശ്രീ. ദേവകുമാർ രേഖകൾ വച്ച് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 10 കൊല്ലത്തെ കാര്യങ്ങൾ, ശ്രീ. അടൂർ പ്രകാശ് വന്നതിനുശേഷം ഈ നിയമസഭയിൽ പറയുന്ന ദിവസം വരെയുള്ള കാര്യങ്ങൾ പരിശോധിക്കാൻ ഒരു ജുഡീഷ്യൽ അന്വേഷണം വച്ചുകഴിഞ്ഞിരിക്കുകയാണ്. ദിവസവും അന്വേഷണം വേണമെന്നാണോ പറയുന്നത്? എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഈ പർട്ടിക്കുലർ ഇഷ്യൂവിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം വച്ചിരിക്കുകയാണോ എന്നാണ് ഞാൻ ചോദിക്കുന്നത്. അല്ലല്ലോ? ഞാൻ പറഞ്ഞത് ഈ പർട്ടിക്കുലർ ഇഷ്യൂവിനെ സംബന്ധിച്ച് പരിശോധന നടത്താൻ ഒരു കമ്മിറ്റിയെവച്ച്.....

ശ്രീ. ഉമ്മൻചാണ്ടി: അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ആരെങ്കിലും പറയുന്നത് കേട്ട് ഇവിടെ കാര്യങ്ങൾ കൊണ്ടുവന്നാൽ ഇതുപോലെയുള്ള കുഴപ്പങ്ങൾ വരും. ഇത് ഉൾപ്പെടെയുള്ള കാര്യങ്ങളാണ് ഇന്ന് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങൾ ഉന്നയിച്ച വിഷയം ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിധിയിൽപ്പെട്ടിട്ടുണ്ടോ എന്നാണ് അറിയേണ്ടത്.

ശ്രീ. അടൂർ പ്രകാശ്: ഇവിടെ ഉന്നയിച്ച വിഷയങ്ങളടക്കം ഉള്ള കാര്യങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതൊന്നും ഒഴിവാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഞാൻ മറുപടി പറയുന്ന ദിവസം വരെയുള്ള വിഷയങ്ങളെക്കുറിച്ച് അന്വേഷണം നടത്താനാണ് തീരുമാനമെടുത്തിട്ടുള്ളത്.

V. ശ്രദ്ധക്ഷണിക്കൽ

(1) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ നികത്താത്തതുകൊണ്ടും പുതിയ ആശുപത്രികൾ ആരംഭിക്കാത്തതുമൂലവും രോഗികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ: സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ നാഥനില്ലാത്ത ചിത്രമാണ് എനിക്ക് ഇവിടെ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സർക്കാരിന്റെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ എണ്ണായിരത്തോളം തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ശുചീകരണജോലികൾ ചെയ്യുന്നവർ മുതൽ ഡോക്ടർമാർ വരെയുള്ളവർ ഇതിൽപ്പെടും. കേരളത്തിലെ സർക്കാർ ആശുപത്രികൾ ഫലത്തിൽ നാഥനില്ലാക്കളരിയാണ്. ആരോഗ്യ സേവന രംഗത്തുനിന്ന് സർക്കാർ പിൻമാറുന്നതിന്റെ ഒരു സൂചനയാണിത്. ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്ററുടെ കാലത്തെങ്കിലും ഇത് മെച്ചപ്പെടുത്തണമെന്നുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. ആരോഗ്യരംഗത്ത് സർക്കാർ വിഹിതം കുറഞ്ഞുവരികയാണ്. അതുപോലെ ആശുപത്രികളുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്താനോ അറ്റകുറ്റപ്പണികൾ നടത്താനോ ഇപ്പോൾ കഴിയുന്നില്ല. എം.പി. ഫണ്ട്, എം. എൽ. എ. ഫണ്ട്, ലോക്കൽ ബോഡീസ് പദ്ധതിവിഹിതമായി നൽകുന്ന തുക എന്നിവ മാത്രമാണ് ഇപ്പോൾ ആശുപത്രികളുടെ വികസനത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly